കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് - 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 11, 13 എന്നിവയിലെ ബാദ്ധ്യതയിൻമേൽ ശ്രീ.മുഹമ്മദ് കുഞ്ഞിക്കെതിരായ സർചാർജ്ജ് നടപടി - തുക ഈടാക്കുന്നത് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 159/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 18.01.2014

---

പരാമർശം:

1. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ ഡയറക്ടറുടെ 18.11.08-ലെ 13377/സ്പെ.സെൽ/എസ്.സി6/06-ാം നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 28.10.09-ലെ 30955/ 1 എ 4/09/സി.ആർ.ഡി നമ്പർ കത്ത്.
3. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.05.10-ലെ 13377/സ്പെ.സെൽ/എസി.സി6/06-ാം നമ്പർ കത്ത്.
4. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.11.13-ലെ ഇ/1094/04-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 2000-01 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.മുഹമ്മദ് കുഞ്ഞിക്കെതിരായ ബാധ്യതാ തുകയായ 6,476/-രൂപ (ആറായിരത്തി നാനൂറ്റി എഴുപത്താറ് രൂപ മാത്രം) ഈടാക്കുന്നതിലേക്കായി സർചാർജ്ജ് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടിയാൾ സർചാർജ്ജ് നോട്ടീസ് കൈപ്പറ്റാതിരുന്ന സാഹചര്യത്തിൽ നഷ്ടതുകയായ 6,476/-രൂപ (ആറായിരത്തി നാനൂറ്റി എഴുപത്താറ് രൂപ മാത്രം) ഈടാക്കുവാൻ വകുപ്പുതല നടപടി കൈക്കൊള്ളുവാൻ സൂചന (1) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. ടി സർചാർജ്ജ് നോട്ടീസിൻമേൽ ശ്രീ.മുഹമ്മദ് കുഞ്ഞി വിശദീകരണം ഗ്രാമവികസന കമ്മീഷണർ വഴി ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയെങ്കിലും ആയത് ടി വകുപ്പിൽ ലഭ്യമായിരുന്നില്ല. രണ്ടാമത് ഗ്രാമവികസന കമ്മീഷണർ വഴി മറുപടി ലഭ്യമാക്കിയപ്പോഴേക്കും സമയപരിധി കഴിഞ്ഞുപോയി. ലോക്കൽഫണ്ട് നിയമം വകുപ്പ് 20 (11) പ്രകാരം സർചാർജ്ജ് നടപടികൾ സ്വീകരിക്കേണ്ട സമയപരിധി കഴിഞ്ഞിരുന്നതിനാൽ ടി വിശദീകരണം പരിഗണിക്കാൻ കഴിയില്ലെന്ന് സൂചന (3) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്രകാരമുള്ള ഔദ്യോഗിക താമസത്തിന് ശ്രീ.മുഹമ്മദ് കുഞ്ഞി ഉത്തരവാദിയാകുകയില്ല എന്നതിനാലും ടിയാൾ മരണപ്പെട്ടതായി സൂചന 4 പ്രകാരം അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ മാനുഷിക പരിഗണനയിൻമേൽ ഉച്ചുമായ തുക പിൻഗാമികളിൽ നിന്ന് ഈടാക്കുന്നത് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.സി.പ്രസന്നകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.